## പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1629 14.07.2016-ൽ മറുപടിയ്ക്ക്

## രാജീവ് ഗാന്ധി ഖേൽ അഭിയാൻ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.റ്റി.വി.രാജേഷ് | ശ്രീ.ഇ.പി.ജയരാജൻ (വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി) |
| (എ) രാജീവ് ഗാന്ധി ഖേൽ അഭിയാൻ പദ്ധതിയിൽ ഉൾപ്പെടുത്തി കളിസ്ഥലം നിർമ്മിക്കുന്നതിന് ഫണ്ട് ലഭ്യമാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ എന്തൊക്കെയാണ് ; | (എ) കേന്ദ്രയുവജനകാര്യ കായികമന്ത്രാലയത്തിന്റെ പുതിയ പദ്ധതിയായ "രാജീവ് ഗാന്ധി ഖേൽ അഭിയാൻ" (RGKA) പ്രകാരം ഗ്രാമീണതലങ്ങളിൽ സ്പോർട്സിന് പ്രാമുഖ്യം നൽകുന്നതിനായി 6-7 ഏക്കർ സ്ഥലം ലഭ്യമായിട്ടുള്ള ബ്ലോക്ക് പഞ്ചായത്തുകളിലെ കളിസ്ഥലങ്ങളുടെ അടിസ്ഥാന സൗകര്യ വികസനപ്രവർത്തനങ്ങൾക്കാണ് അപേക്ഷകൾ സമർപ്പിക്കേണ്ടത്.<br>ഈ പദ്ധതി പ്രകാരം ബ്ലോക്ക് തലങ്ങളിൽ ഒരു ബ്ലോക്കിന് ഒരു സ്പോർട്സ് കോംപ്ലക്സ് എന്ന രീതിയിലാണ് അപേക്ഷ ക്ഷണിച്ചിരിക്കുന്നത്. അതായത് ഔട്ട്ഡോർ സ്പോർട്സ് കോംപ്ലക്സിന് ചുരുങ്ങിയത് 11 കായിക ഇനങ്ങളിൽ പരിശീലനം നൽകുന്നതിന് ഉതകുന്ന രീതിയിലുള്ള സ്പോർട്സ് കോംപ്ലക്സിന് 80 ലക്ഷം രൂപയും, കുറഞ്ഞത് 5 കായിക ഇനങ്ങൾക്ക് പരിശീലനം നൽകുന്നതിനുള്ള പ്രീ-ഫാബ്രിക്കേറ്റഡ് ഇൻഡോർ സ്പോർട്സ് ഹാളിന് 80 ലക്ഷം രൂപയും, എന്ന ക്രമത്തിൽ മൊത്തം 1,60,00,000/- രൂപ ചെലവു വരുന്ന നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിയ്ക്കുന്നതിനുള്ള കേന്ദ്ര സംസ്ഥാന ധനസഹായം 75:25 എന്ന അനുപാതത്തിൽ ലഭിയ്ക്കുന്നതാണ്.<br>RGKA പദ്ധതിയിൽ ഉൾപ്പെടുത്തി സ്പോർട്സ് കോംപ്ലക്സ് നിർമ്മിക്കുന്നതിനായി 6-7 ഏക്കർ സ്ഥലം ലഭ്യമായിട്ടുള്ള സർക്കാർ കളിസ്ഥലങ്ങൾ ലഭ്യമല്ലെങ്കിൽ ബ്ലോക്ക് പരിധിയിലുള്ള സർക്കാർ/ എയ്ഡഡ് സ്കൂൾ/കോളേജ് കളിസ്ഥലങ്ങൾ, സ്കൂൾ/കോളേജ് എന്നിവയാണ് നിർമ്മാണപ്രവർത്തനങ്ങൾക്കായി തെരഞ്ഞെടുക്കേണ്ടത്. |

| | | | |
|---|---|---|---|
| (ബി) | ഇപ്രകാരം എത്ര പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ട് ; | (ബി) | കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ 14 പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ട്. |
| (സി) | കല്ല്യാശ്ശേരി മണ്ഡലത്തിലെ കല്ല്യാശ്ശേരി ബ്ലോക്ക് വഴി പ്രൊജക്ട് സമർപ്പിച്ച ചെറുതാഴം എച്ച്.എസ്.എസ്.സ്കൂളിന് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ഫണ്ട് ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ ? | (സി) | കല്ല്യാശ്ശേരി മണ്ഡലത്തിലെ കല്ല്യാശ്ശേരി ബ്ലോക്ക് വഴി സമർപ്പിച്ച ചെറുതാഴം എച്ച്.എസ്.എസ്.സ്കൂളിന്റെ അപേക്ഷ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ പരിഗണനയിലാണ്. |

Manoj M

**സെക്ഷൻ ഓഫീസർ**